# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2491    14.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

**നടേരി അർബൻ എൻ. എച്ച്. എം. ഡിസ്പെൻസറി കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടിയിൽ നടേരി അർബൻ എൻ. എച്ച്. എം ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനത്തിൽ (നം. 3417/VH/M (H&D)/2015) എൻ. എച്ച്. എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാളിതു വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (എ) പ്രസ്തുത നിവേദനം സംസ്ഥാനത്തെ അർബൻ ഹെൽത്ത് ടീം വഴി ആരോഗ്യ കേരളം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർക്ക് നൽകിയതിൻ പ്രകാരം ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ബഹു. എം.എൽ.എ നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ നടേരി നഗരാരോഗ്യ കേന്ദ്രം (കൊയിലാണ്ടി നഗരസഭ) 2014 നവംബർ മാസം മുതൽ തീർത്തും അപര്യാപ്തമായ കെട്ടിട സൗകര്യത്തിൽ പ്രവർത്തിച്ചുവരികയാണ്. ടി സെന്റർ കൂടുതൽ സ്ഥല സൗകര്യത്തിൽ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തു തരേണ്ടത് കൊയിലാണ്ടി നഗരസഭയാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹു. എം.എൽ.എ യുടെ പരാതി (നം. 3417/VIP/M(H&D)/2015, തീയതി 06.07.2015) ലഭിക്കുന്നതിനു മുമ്പും ശേഷവും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഓഫീസിൽ നിന്നും കോഴിക്കോട് ജില്ലാ ആരോഗ്യകേരളം പ്രോഗ്രാം മാനേജരുടെ കാര്യാലയത്തിൽ നിന്നും നിരവധി തവണ നഗരസഭ അദ്ധ്യക്ഷയുമായി സംസാരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർ ഇതേ ആവശ്യം ഉന്നയിച്ച് കൊയിലാണ്ടി നഗരസഭയ്ക്ക് കത്തും അയച്ചിരുന്നു (നമ്പർ DPMSU/KKD/118/2014, തീയതി 22.09.2015). പക്ഷേ പുതിയ കെട്ടിടത്തിന് തുക വകകൊള്ളിച്ചതല്ലാതെ കെട്ടിടം |

(.....2)

ഇനിയും യാഥാർത്ഥ്യമായിട്ടില്ല.

ബഹു. എം.എൽ.എ. അദ്ദേഹത്തിന്റെ അപേക്ഷയിലൂടെ ആവശ്യപ്പെട്ട പ്രകാരം നിലവിൽ ആരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന പഴയകെട്ടിടം പൊളിച്ച് നീക്കുന്നതിന് അനുമതി നൽകേണ്ടത് എൻ.എച്ച്.എം. മിഷൻ ഡയറക്ടറല്ല. പുതിയ കെട്ടിടത്തിന് വേണ്ട ഫണ്ടനുവദിക്കലും മിഷൻ ഡയറക്ടറുടെ അധികാര പരിധിയിലുള്ള സംഗതിയല്ല.

സെക്ഷൻ ഓഫീസർ